**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **26-07-2021 - ൽ മറുപടിയ്ക്ക്**

**മൂവേലിക്കര വാർഡിലെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേലിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ 9 പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കി നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ കുന്നത്തുകാൽ വില്ലേജിൽ മൂവേലിക്കര വാർഡിൽ മണ്ണാംകോട് എന്ന സ്ഥലത്ത് ബ്ലോക്ക് 40, റീസർവ്വെ 94/2 ൽ ഉൾപ്പെട്ടതും വില്ലേജ് രേഖകൾ പ്രകാരം തണ്ടപേർ നമ്പർ 1489 ൽ കുന്നത്തുകാൽ വില്ലേജിൽ ടി ദേശത്ത് നെല്ലിവിള തെക്കേ പുത്തൻവീട്ടിൽ യോവ്വുനാടാർ, ഹാരിസുനാടാർ, ജ്ഞാനമ്മാൾ, സോമിയാൻ എന്ന പേരിലും ഈ ഭൂമി പതിച്ച് നൽകുന്നതിനു വേണ്ടി ഹരിജൻ വെൽഫെയർ സൊസൈറ്റി വിലക്ക് വാങ്ങിയതായി തണ്ടപ്പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭൂമിയിൽ നിലവിൽ 05 കുടുംബങ്ങൾ താമസിച്ചു വരുന്നു. 1991-92 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ധനസഹായം പദ്ധതി പ്രകാരമാണ് ടി ഭൂമിയിലെ താമസക്കാർക്ക് പ്രസ്തുത ഭൂമി ലഭിച്ചിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ഭൂമിയിലെ ശരിയായ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തി ആധാരം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കിയതിന് ശേഷം ടി താമസക്കാരുടെ പേരിലേക്ക് ഭൂമി കൈമാറ്റം വരുത്തി ആയത് രേഖപ്പെടുത്തി കരം സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ കുന്നത്തുകാൽ വില്ലേജിൽ മൂവേലിക്കര വാർഡിൽ മണ്ണാംകോട് എന്ന സ്ഥലത്ത് ബ്ലോക്ക് 40, റീസർവ്വെ 94/2 ൽ ഉൾപ്പെട്ടതും വില്ലേജ് രേഖകൾ പ്രകാരം തണ്ടപേർ നമ്പർ 1489 ൽ കുന്നത്തുകാൽ വില്ലേജിൽ ടി ദേശത്ത് നെല്ലിവിള തെക്കേ പുത്തൻവീട്ടിൽ യോവ്വുനാടാർ, ഹാരിസുനാടാർ, ജ്ഞാനമ്മാൾ, സോമിയാൻ എന്ന പേരിലും ഈ ഭൂമി പതിച്ച് നൽകുന്നതിനു വേണ്ടി ഹരിജൻ വെൽഫെയർ സൊസൈറ്റി വിലക്ക് വാങ്ങിയതായി തണ്ടപ്പേരിൽ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭൂമിയിൽ നിലവിൽ 05 കുടുംബങ്ങൾ താമസിച്ചു വരുന്നു. 1991-92 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ധനസഹായം പദ്ധതി പ്രകാരമാണ് ടി ഭൂമിയിലെ താമസക്കാർക്ക് പ്രസ്തുത ഭൂമി ലഭിച്ചിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ഭൂമിയിലെ ശരിയായ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തി ആധാരം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കിയതിന് ശേഷം ടി താമസക്കാരുടെ പേരിലേക്ക് ഭൂമി കൈമാറ്റം വരുത്തി ആയത് രേഖപ്പെടുത്തി കരം സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | മുപ്പത് വർഷത്തോളമായി പട്ടയമില്ലാതെ കഴിയുന്ന ഇവർക്ക് സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനോ വീട് പുതുക്കി പണിയുന്നതിനോ പിൻതലമുറയ്ക്ക് ഭൂമി കൈമാറ്റം ചെയ്ത് നൽകുന്നതിനോ കഴിയാത്തതിനാൽ ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ ഇടപെട്ട്, ഇവിടത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിനായി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പ് മുഖേന ശരിയായ ഉപഭോക്താക്കളെ കണ്ടെത്തി അവരുടെ പേരിൽ ഭൂമി കൈമാറിയിട്ടുള്ള ആധാരം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമായാൽ ഉടൻ തന്നെ യഥാർത്ഥ ഉടമസ്ഥരുടെയും പിന്മറക്കാരുടെയും പേരിലേക്ക് ഭൂമി കൈമാറ്റം രേഖപ്പെടുത്തി നൽകുവാനും ടി ഭൂമിയുടെ കരം സ്വീകരിക്കുവാനും കഴിയും. കൂടാതെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നപക്ഷം ആയത് ഒഴിപ്പിക്കുവാനും ഒഴിപ്പിക്കൽ നടപടിയിലൂടെ ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് വച്ച് നൽകുന്നതിനായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ